പാർലിസഹിതം അയച്ചുകൊടുത്തിട്ടുണ്ട്. ഉദ്യോഗം കൊടുപ്പിക്കുവാൻ സംരക്ഷകന്നധികാരമില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—സംരക്ഷണ വകുപ്പിൽ ഈ രണ്ടുകൊല്ലങ്ങളിലായി ആകെ എത്ര ഉദ്യോഗ നിയമനങ്ങൾ ഉണ്ടായിട്ടുണ്ടെന്നു പറയുവാൻ സാധിയ്ക്കുമോ ?

രാമവമ്മതമ്പുരാൻ.—രണ്ടുമൂന്നു പേരെ അപ്പോയിൻറു ചെയ്തിട്ടുണ്ട്. പിന്നെ എത്ര ആളുകളെ അപ്പോയിൻറു ചെയ്തിട്ടുണ്ടെന്നു നിശ്ചയമില്ല. ഇതു് ഹജൂരിൽനിന്നാണു് ആർഡർ പാസ്സായിട്ടുള്ളതു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം—ഇതിൽ വ്യ ആളുകളെ നിയമിച്ചിട്ടുണ്ടെന്നു കാണുന്നു. ക, ന. ആളുകളെ മാത്രമേ നിയമിച്ചിട്ടുള്ളുവെന്നും പറയുന്നു.

രാമവമ്മതമ്പുരാൻ.— ഈ ക്ലാക്കുമാരുടെ അപ്പോയിൻറുമെൻറു് ഹജൂരിൽനിന്നും നടത്തിയതാണു്. ബാക്കിയുള്ള അപ്പോയിൻറുമെൻറ°സിനു് Protector ക്കു അധികാരമുണ്ടു്. അതിനേക്കുറിച്ചു് എനിക്കു നിശ്ചയമില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ആ സംഗതി പറയാതെ ഈ ചോദ്യത്തിൻറെ ഉദ്ദേശം എങ്ങിനെ പൂർത്തിയാകും. വളരെ നിയമനങ്ങൾ ഉണ്ടായിയെന്നും, വളരെ കുറച്ചുമാത്രമേ കൊടുത്തുള്ളുവെന്നും സർക്കുലറിൽ അവർകൾ പറയുന്നുണ്ടു്. അതുംകൂടി ഈ ചോദ്യത്തിനു് ആവശ്യമായ രേഖയായതുകൊണ്ടു് അതിൻറെ വിവരങ്ങൾക്കു് ശരിയായ സമാധാനം തരുവാൻ തയ്യാറായിരിയ്ക്കേണ്ടിയിരുന്നില്ലേ ?

രാമവമ്മതമ്പുരാൻ.—ചോദ്യത്തിനുള്ള മറുപടി ഇതിൽ പറഞ്ഞിട്ടുണ്ടു്. കൂടുതൽ വിവരം വേണമെങ്കിൽ നോട്ടീസു തന്നാൽ മറുപടി ചുരുക്കി പറയാം.

Torture on Depressed Classes—petition received by the Protector.

191 മിസ്റ്റർ കെ. പി. വള്ളോൻ.— ഫ്രാൻസ്-ൽ അധഃകൃതരെ അന്യന്മാർ മർദ്ദിച്ചുവെന്നും മറുമായി എത്ര ഹർജികൾ സംരക്ഷണവകുപ്പിൽ കിട്ടീട്ടുണ്ടു്; ടി ഹർജികൾ എല്ലാം സംരക്ഷകനവർകൾ എന്തുചെയ്തുവെന്നു ദയവായി പറയുമോ ?

രാമവമ്മതമ്പുരാൻ.— ഫ്രാൻസ് ഹർജികൾ കിട്ടിയിട്ടുണ്ടു്. ഈ ഹർജികൾ അനേഷിച്ചു യുക്തമെന്നു തോന്നുന്ന നിവൃത്തികൾ വരുത്തിക്കൊടുപ്പാനുള്ള ശുപാർശയോടു കൂടി പോലീസു് ഉദ്യോഗസ്ഥന്മാർക്കു് അയച്ചുകൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ.— ഹർജികൾ പോലീസിനയച്ചു കൊടുത്തതുകൊണ്ടു മാത്രം സംരക്ഷണം പൂർത്തിയായി എന്നാണോ ഗവർമ്മെണ്ടു വിചാരിയ്ക്കുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

രാമവർമ്മ തമ്പുരാൻ.—ആയി എന്നാണ് തോന്നുന്നത്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അയച്ചുകൊടുത്ത ഹർജികളനുസരിച്ച് നിവൃത്തി സമ്പാദിച്ചുകൊടുത്തിട്ടുണ്ടോ ?

രാമവർമ്മതമ്പുരാൻ.— അതു് എങ്ങിനെയാണു് ഡിസ്പോസ് ചെയ്തതെന്നുള്ളതിനു് നോട്ടീസു വേണം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.— അധഃകൃതസംരക്ഷകൻ അനേഷിയ്ക്കയുണ്ടായിട്ടുണ്ടോ ?

രാമവർമ്മ തമ്പുരാൻ.—നിശ്ചയമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ആ ഹർജികളെല്ലാം പോലീസിലേയ്ക്കു് ഫാർവേർഡു് ചെയ്തിട്ടു് സംരക്ഷകൻ അതിനെപ്പറ്റി അനേഷിയ്ക്കുകയുണ്ടായോ ?

രാമവർമ്മ തമ്പുരാൻ.—അതിലേയ്ക്കു് വേറേ ഒരനേഷണം നടത്തേണ്ട ആവശ്യമില്ല. പോലീസു് ഡിപ്പാർട്ടുമെണ്ടു് ഒന്നു വേറെ ഇല്ലേ; ഒരു പെറിഷൻ കിട്ടിയാൽ അവർ അതിനെപ്പറ്റി അനേഷിയ്ക്കയില്ലേ ? പിന്നെ വേറെ വിധത്തിൽ ഒരു എൻക്വയറിയുടെ ആവശ്യമെന്താണു് ?

മിസ്റ്റർ എ. ഈച്ചരമേനോൻ.—നാട്ടുകാർ ഹർജികൾ കൊടുത്താൽ അനേഷിയ്ക്കാതിരിയ്ക്കുകയാണോ പതിവു് ?

രാമവർമ്മ തമ്പുരാൻ.—അനേഷണം പോലീസ് ഡിപ്പാർട്ടുമെണ്ടിലെ ജോലിയാണു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—വല്ലതും നിവൃത്തി വരുത്തിക്കൊടുത്തിട്ടുണ്ടോ എന്നു പോലീസു വകുപ്പധ്യക്ഷനു പറയുവാൻ സാധിയ്ക്കുമോ ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—നിവൃത്തി വരുത്തിക്കൊടുത്തിട്ടുണ്ടാകണമെന്നാണു പറയേണ്ടതു്. സാധാരണ അങ്ങിനെയാണു് ചെയ്യാറു പതിവു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഇതിൽ പറയുന്ന ഫോർ ഹർജികളിൽ ഏതിനെങ്കിലും നിവൃത്തി വരുത്തിക്കൊടുത്തിട്ടുണ്ടോ ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.— ചിലതിനൊക്കെ നിവൃത്തി വരുത്തിക്കൊടുത്തിട്ടുണ്ടായിരിയ്ക്കണം. ഡെഫനിറ്റായിട്ടു പറയുവാൻ സാധിയ്ക്കയില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇത്രയധികം ഹർജികൾ ഇതിനുമുമ്പു് കിട്ടിയതായി ഓർമ്മയുണ്ടോ ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഇത്രയധികം കിട്ടിയതായി പറയുവാൻ സാധിയ്ക്കയില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—ഏതെങ്കിലും ഹർജികൾ പെൻറിംഗ് ആയിട്ടുണ്ടോ ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—നിശ്ചയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഗ്രാമസംഘങ്ങളിൽ തൊഴിലാളികളെ മറ്റിച്ചതിനെ സംബന്ധിച്ചു യാതൊരു അറിവുമില്ലെന്നു് കഴിഞ്ഞദിവസം ഇവിടെ പറഞ്ഞ സമാധാനത്തിനു് എതിരല്ലേ ഈ സമാധാനം ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അനേഷിച്ചു വിവരം അറിയാതെ പറയാൻ സാധിയ്ക്കയില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഗ്രാമപ്രദേശങ്ങളിൽ തൊഴിലാളികളെ മറ്റിയ്ക്കുന്നുണ്ടോ എന്നുള്ളതിനു് അറിവില്ലെന്നായിരിയ്ക്കാം ഗവൺമെണ്ടിന്റെ സമാധാനം.

മിസ്റ്റർ പി. നീലകണ്ഠമേനോൻ.— തൊഴിലാളികളുടെ കായ്മമല്ല ഇതു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അധഃകൃതർ തൊഴിലാളികളല്ലേ ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.— ഇതിൽ ആരൊക്കെയാണു് തൊഴിലാളികൾ, ആരൊക്കെയാണു് തൊഴിലാളികളല്ലാത്തവരെന്നു് ഹർജികൾ നോക്കിയാലേ പറയുവാൻ സാധിയ്ക്കയുള്ളു.

മിസ്റ്റർ കെ. അയ്യപ്പൻ.—അധഃകൃതരിൽ തൊഴിലാളികളല്ലാതെ വേറെ ആരെങ്കിലും ഉണ്ടെന്നു് ഗവൺമെണ്ടു് വിചാരിയ്ക്കുന്നുണ്ടോ ?

Mr. P. Nilakanta Menon.—Sir, is this a supplementary question, after all? Unless a definite question is put I am not in a position to answer. How can we give an answer at the spur of the moment ?

Mr. K. Ayyappan.—My question was whether there are any among the depressed classes who are not labourers.

President.—The very fact that there are some clerks belonging to the depressed classes, shows that all of them are not labourers.

Temple for the Depressed Classes of Maradu and Kundannur.

ഫസ്റ്റ്. മിസ്റ്റർ കെ പി. വള്ളോൻ.—മരടു്, കുണ്ടന്നൂർ നിവാസികളായ അധഃകൃതക്കായി പണിചെയ്യിട്ടുള്ള ക്ഷേത്രം ഇരിക്കുന്ന സ്ഥലം ആരുടെയാണു്; ടി ക്ഷേത്രം പണി ചെയ്യിട്ടുള്ളതു് സമുദായക്കാരായ അധഃകൃതരുടെ സമ്മതപ്രകാരമാണോ; സമ്മതപ്രകാരമെങ്കിൽ ഉത്സവത്തിനു് ആനയേയും പൂജാരികളേയും സംരക്ഷണവകുപ്പിൽനിന്നും കൊണ്ടുവന്നപ്പോൾ സ്ഥലത്തെ അധഃകൃതർ വിലക്കു മടക്കി അയക്കുവാനുള്ള കാരണമെന്തു്; അന്നു് സംരക്ഷകന്റെ കൃത്യം എവിടെയായിരുന്നു ?

രാമവർമ്മതമ്പുരാൻ.—കുണ്ടന്നൂർ ഭജനമഠം ഇരിക്കുന്ന സ്ഥ

LIBRARY ARCHIVES Kerala Legislative Assembly